LIBRARY ARCHIVES Kerala Legislative Assembly

മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികളുടെ പ്രത്യേക അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ മുഖ്യമന്ത്രി വിളിച്ചുചേർക്കുന്നുണ്ട്. കൂടാതെ, കേന്ദ്ര സർക്കാരിന്റെ PMG (Prime Minister's Monitoring Group) പോർട്ടൽ വഴി പ്രധാനപ്പെട്ട പശ്ചാത്തല സൗകര്യ വികസന പദ്ധതികളുടെ നിരീക്ഷണത്തിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയും വിവിധ വകുപ്പ് സെക്രട്ടറിമാരും ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണം വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയുംചെയ്യുന്നു. ബൃഹദ് പദ്ധതികളുടെ അടക്കം എല്ലാ പദ്ധതികളുടെയും പുരോഗതി അവലോകനം ചെയ്യുന്നതിനും വിവിധ പദ്ധതികളുടെ പുരോഗതി തത്സമയം വകുപ്പുമന്ത്രിമാരെയും മുഖ്യമന്ത്രിയേയും അറിയിക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിൽ പദ്ധതികളുടെ പുരോഗതി ചുമതല നിർവ്വഹിച്ചുപോരുന്ന ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.) വകുപ്പിനെ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ ഒരു സെക്രട്ടറിയുടെ കീഴിൽ ഒരു പ്രത്യേക വകുപ്പായി 21-5-2021-ലെ സ.ഉ.(കൈ)നമ്പർ 105/2021/പൊ.ഭ.വ., പ്രകാരം Programme Implementation, Evaluation & Monitoring വകുപ്പ് രൂപീകൃതമായിട്ടുണ്ട്. പദ്ധതികൾ നിരീക്ഷിക്കുന്നതിനു വേണ്ടി വികസിപ്പിച്ചെടുത്ത മുഖ്യമന്ത്രിയുടെ വെബ് പോർട്ടലിലൂടെ (www.cmopcmg.kerala.gov.in) പദ്ധതികളുടെ ഭൗതിക പുരോഗതിയും സാമ്പത്തിക പുരോഗതിയും പ്രശ്നപരിഹാരവും സാദ്ധ്യമാക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ e-PMG Portal കേരളത്തിന് അനുയോജ്യമായ രീതിയിൽ customize ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ e-sameeksha portal കേരളത്തിന് അനുയോജ്യമാക്കി മാറ്റി (e-sameeksha kerala portal) കേന്ദ്ര സർക്കാരിന്റെ പദ്ധതി സംബന്ധമായതുൾപ്പെടെയുള്ള കത്തിടപാടുകൾ സമയബന്ധിതമായി തുടർനടപടി സ്വീകരിച്ച് e-Sameeksha National Portal വഴി അറിയിക്കുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

വൈപ്പിൻ മണ്ഡലത്തിലെ റോഡുകൾ

12 (1372) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി വൈപ്പിൻ നിയോജക മണ്ഡലത്തിൽ തുക അനുവദിച്ച റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത റോഡുകൾക്കായി മുഖ്യമന്ത്രിയുടെ തദ്ദേശ പുനരുദ്ധാരണ പദ്ധതിയിൽ അനുവദിച്ച തുക എത്രയെന്നും ഉത്തരവുകൾ ഏതെല്ലാമെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്കുകീഴിൽ വൈപ്പിൻ മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പട്ടിക (ഭരണാനുമതി തുക/ഭരണാനുമതി നൽകിയ സർക്കാരുത്തരവ് നമ്പർ ഉൾപ്പെടെ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലായി അനുവദിക്കപ്പെട്ട തസ്തികകൾ

13 (1373) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലായി അനുവദിക്കപ്പെട്ട തസ്തികകൾ തരംതിരിച്ച് വിശദമാക്കാമോ;

&

(ബി) പ്രസ്തുത ജില്ലയിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള ഒഴിവുകൾ തരംതിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. കൃത്യമായി നിയമനശിപാർശ നൽകിവരുന്നു.

സിവിൽ എക്സൈസ് ഓഫീസർ വനിതാ വിഭാഗം പോസ്റ്റ് ക്രിയേഷൻ

14 (1374) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ എക്സൈസ് ഓഫീസർ വനിതാ വിഭാഗം കണ്ണൂർ (കാറ്റഗറി നമ്പർ-501/17) റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്കാണ് നിയമനം ലഭ്യമായതെന്നറിയിക്കാമോ?

നാളിതുവരെ 11 (പതിനൊന്ന്) പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.